K24U 0564

Reg. No.: ..............................

Name : ..................................

# First Semester B.Sc. Artificial Intelligence and Machine Learning/ Computer Science with AI and ML (C.B.C.S.S.-OBE – Regular – 2023 Admission) Examination, November 2023

## ADDITIONAL COMMON COURSE IN MALAYALAM

## 1A07-2MAL : സാഹിത്യ ഗണങ്ങൾ

Time : 3 Hours                                                                 Max. Marks : 40

I. **4** ചോദ്യങ്ങളിൽ നിന്ന് **2** എണ്ണത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) 'സൂര്യകാന്തി' എന്ന കവിത അനുഭവവേദ്യമാക്കുന്ന പ്രണയത്തിന്റെ അഭൗമതലങ്ങൾ വിശദമാക്കുക.

2) വൈലോപ്പിള്ളിക്കവിതയുടെ ആത്മാവ് കണ്ടെത്തിയ കവിയാണ് സച്ചിദാനന്ദൻ – 'ഇവനെ ക്കൂടി' എന്ന കവിതയെ മുൻനിർത്തി വിശദീകരിക്കുക.

3) 'ഹിംസാടന' ത്തിലെ മൂന്നു കഥാപാത്രങ്ങളും സമകാലിക സമൂഹത്തിന്റെ പ്രതിനിധാനങ്ങളാണ് – ചർച്ച ചെയ്യുക.

4) സാഹിത്യകാരൻ, വിപ്ലവകാരി, സന്ന്യാസി, ഉന്മാദി എന്നിങ്ങനെ ബഷീറിന്റെ ബഹുമുഖ വ്യക്തിത്വങ്ങളെ എം. എ. റഹ്മാൻ വിശകലനം ചെയ്യുന്നതെങ്ങനെ ?

**(2×7=14)**

II. **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) 'സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചീടാൻ
സ്നേഹത്തിൻ ഫലം സ്നേഹം; ജ്ഞാനത്തിൻ ഫലം ജ്ഞാനം' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

6) 'ശീമത്തമ്പുരാനും പൊന്തൻമാടയും തമ്മിലുള്ള അപൂർവമായ ആത്മബന്ധത്തിന്റെ ആഖ്യാനം കൂടിയാണ് 'പൊന്തൻമാട' – വിശകലനം ചെയ്യുക.

7) വിശ്വമാനവികതയെക്കുറിച്ചും സാഹോദര്യത്തെക്കുറിച്ചുമുള്ള ഇടശ്ശേരിയുടെ ദർശനം 'കറുത്ത ചെട്ടിച്ചികളി'ൽ പ്രകടമാകുന്നതെങ്ങനെ ?

P.T.O.

8) 'ഇതെല്ലാം കാണുമ്പം എനക്ക് എന്നെത്തന്നെ പേടിയാവ്ന്ന് അനിതേച്ചീ!'
– സൂചിതം വ്യക്തമാക്കുക.

9) 'മറ്റൊരു വിധമായിരുന്നെങ്കിൽ' എന്ന ലേഖനം അവതരിപ്പിക്കുന്ന പ്രധാന നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

10) പങ്കുകശാപ്പ് എന്ന ആശയം പ്രാവർത്തികമാക്കുന്നതിനെ എതിർത്തുകൊണ്ട് കൊച്ചുമ്മച്ചന്റെ ബന്ധുക്കൾ ഉന്നയിക്കുന്ന വാദമുഖങ്ങൾ എന്തൊക്കെ ?

**(4×3=12)**

III. 6 ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) പച്ചയ്ക്കും കത്തുമെന്ന്
പണ്ടേ കാട്ടിയോളാണ് – സൂചിതം വ്യക്തമാക്കുക.

12) 'തിരുമ്മിയടച്ചത്
നീതിതൻ മിഴിയല്ലോ
തഴുതിട്ടതോ സ്നേഹ –
നീലമാം കലവറ' – സൂചിതം വ്യക്തമാക്കുക.

13) നിളാതീരത്തുകൂടിയുള്ള യാത്രയിൽ കവിയും പത്നിയും കാണുന്ന കാഴ്ച കളെന്തെല്ലാം ?

14) 'എന്താ, പ്രശാന്തിന് എന്റെ രക്ഷാകർത്താവാകണംന്ന് ആഗ്രഹംണ്ടോ ?'
– സന്ദർഭം വ്യക്തമാക്കുക.

15) കൊച്ചുമ്മച്ചൻ നാട്ടിൽ തനിയെ താമസമാരംഭിക്കാനിടയായ സാഹചര്യം വിവരിക്കുക.

16) ശരീരഭാഷയുടെ സൂക്ഷ്മരാഷ്ട്രീയം 'പൊന്തൻമാട'യിൽ തെളിയുന്നതെങ്ങനെ ?

**(4×2=8)**

IV. 6 ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) 'അനുഭാവത്തിന്റെ കവിയോട് അനുഭവത്തിന്റെ കവിയുടെ ഒരു പോരാട്ടം ഈ കവിതയിലുണ്ട്' – സൂചിതമായ കവിതയും കവികളും ഏതൊക്കെ ?

18) കവി കറുത്ത ചെട്ടിച്ചികളോട് നന്ദി പറയാൻ കാരണമെന്ത് ?

19) സൂര്യകാന്തിയെ ലോകം പുച്ഛിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുക.

20) കവി തെച്ചിപ്പഴം പറിച്ചുകൊണ്ടുവന്നപ്പോൾ പത്നി പ്രതികരിക്കുന്നതെങ്ങനെ ?

21) സച്ചിദാനന്ദൻ – കുറിപ്പെഴുതുക.

22) കൽപ്പറ്റ നാരായണൻ – കുറിപ്പെഴുതുക. **(4×1½=6)**

Don Bosco Arts and Science College Library, Angadikadavu, Kannur
lib.donbosco.ac.in
KANNUR UNIVERSITY